തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

കൊല്ലവർഷം 1202 - ശബരിമല മണ്ഡലം - മകരവിളക്ക്തീർത്ഥാടനം കാര്യക്ഷമമായി നടത്തുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർഒസി 04/2026/ശബ തിരുവനന്തപുരം, തീയതി 10.11.2026

ശബരിമല തീർത്ഥാടനം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, പോരായ്മകൾ യഥാസമയം പരിഹരിച്ച് മുന്നോട്ടുപോകുന്നതിനും, ബോർഡ് ഉദ്ദേശിച്ചവിധം പ്രവർത്തനങ്ങൾ നടത്തുന്നതിനും, ശബരിമല എക്സിക്യൂട്ടീവ് ഓഫീസറെ സഹായിക്കാനായി നാല് സുപ്രധാന മേഖലകളിൽ സ്പെഷ്യൽ ഓഫീസർമാരെ ഈ കാലയളവിലേയ്ക്ക് നിയോഗിക്കാൻ ബോർഡ് തീരുമാനിച്ചു. ഇവർ ബോർഡിന് നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതായിരിക്കും.

ചുവടെ പറയുന്ന നാല് മേഖലകളിലായിരിക്കും സ്പെഷ്യൽ ഓഫീസർമാരുടെ പ്രവർത്തനം.

1. പ്രസാദനിർമ്മാണം, വിതരണം
2. ശുചിത്വപരിപാലനം
3. തീർത്ഥാടകക്ഷേമം, ഓൺലൈൻ കൗണ്ടറുകൾ
4. അന്നദാനം, മെസ്സ്

ഓരോ മേഖലയിലെയും പ്രവർത്തനങ്ങളും, സജ്ജീകരണങ്ങളും സ്പെഷ്യൽ ഓഫീസർമാർ സമഗ്രമായി വിലയിരുത്തണം. ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിക്കണം. പരാതിക്കിടനൽകാതെ പ്രസാദനിർമ്മാണവും, വിതരണവും ഉറപ്പുവരുത്തണമെങ്കിൽ കൃത്യമായ ആസൂത്രണം ആവശ്യമാണ്. ശബരിമലയിൽ ഈ വർഷം നടപ്പിലാക്കുന്ന ശുചിത്വപ്രോട്ടോകോൾ വാണിജ്യസ്ഥാപനങ്ങളിലും ബോർഡിന്റെ തന്നെ കെട്ടിടങ്ങളിലും കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം. വഴിപാട് കൗണ്ടറുകൾ, അക്കോമഡേഷൻ എന്നിവയാണ് തീർത്ഥാടക ക്ഷേമത്തിലെ പ്രധാന ഇനങ്ങൾ. ഒപ്പം വിരിവയ്ക്കാനുള്ള സൗകര്യങ്ങൾ, കുടിവെള്ളം, ബിസ്കറ്റ് എന്നിവയും ഉറപ്പ് വരുത്തണം. പരാതി പരിഹാരവും ഈ സ്പെഷ്യൽ ഓഫീസറുടെ ഉത്തരവാദിത്തമായിരിക്കും. അന്നദാനവും മെസ്സും മികച്ച രീതിയിൽ നടക്കുന്നുവെന്ന് ബന്ധപ്പെട്ട സ്പെഷ്യൽ ഓഫീസർ ഉറപ്പുവരുത്തണം.

ഈ മേഖലകളിലെ ഉത്തരവാദിത്തം നിറവേറ്റുന്നതിനായി ചുവടെ പറയുന്ന ഉദ്യോഗസ്ഥരെ നിയോഗിക്കാൻ ബോർഡ് തീരുമാനിച്ചു.

1. ശ്രീ. എൻ. ശ്രീധരശർമ്മ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം - പ്രസാദ നിർമ്മാണം, വിതരണം.
2. ശ്രീ. പി.എസ്. വിഷ്ണു, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊട്ടാരക്കര - തീർത്ഥാടകക്ഷേമം, ഓൺലൈൻ കൗണ്ടറുകൾ
3. ശ്രീ. സൈനുരാജ്, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ആറന്മുള- ശുചിത്വപരിപാലനം
4. ശ്രീ. സി.എസ്. പ്രവീൺകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വള്ളിയങ്കാവ് - അന്നദാനം, മെസ്സ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,

(ഒപ്പ്)

സെക്രട്ടറി

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
3) ചീഫ് എഞ്ചിനീയർ
4) കൾച്ചറൽ ഡയറക്ടർ
5) ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
6) എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
7) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും, എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും.
8) ശ്രീ. എൻ. ശ്രീധരശർമ്മ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
9) ശ്രീ. പി.എസ്. വിഷ്ണു, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊട്ടാരക്കര
10) ശ്രീ. സൈനുരാജ്, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ആറന്മുള
11) ശ്രീ. സി.എസ്. പ്രവീൺകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വള്ളിയങ്കാവ്
12) പബ്ലിക് റിലേഷൻസ് ഓഫീസർ
13) ഐ.റ്റി. വിഭാഗം (പ്രസിദ്ധീകരണത്തിന്)
14) സെക്ഷൻ ഫയൽ
15) ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി
ശബരിമല സെൽ